**എസ് എസ് എൽ സി വാർഷിക മൂല്യനിർണ്ണയം 2022**

**മലയാളം – കേരളപാഠാവലി**

സമയം : 90 മിനുട്ട് സ്കോർ : 40

**പാർട്ട് I (എ)**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക ( 1 സ്കോർ വീതം)**

1. 'മർത്ത്യജന്മം ക്ഷണഭംഗുരം' ആണെന്നുള്ളത് സമർത്ഥിക്കാൻ എഴുത്തച്ഛൻ ഉപയോഗിച്ച ഉദാഹരണമേത്?
   - നദിയിലൂടെ ഒഴുകുന്ന വിറകുകഷണങ്ങൾപോലെ
   - ചുട്ടുപഴുത്ത ലോഹത്തിനു മുകളിൽ വീഴുന്ന ജലകണികപോലെ
   - പാമ്പിന്റെ വായിലകപ്പെട്ട തവളയെപ്പോലെ
   - സത്രത്തിൽ ഒത്തുകൂടുന്ന വഴിയാത്രക്കാരെപ്പോലെ
2. "ഏതോ ശീലത്തിന്റെ സ്വാധീനത്താൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി". പാറാവുകാരന് വെള്ളായിയപ്പനോട് ദയ തോന്നാൻ കാരണം ?
   - വെള്ളായിയപ്പന്റെ ദൈന്യം കണ്ടിട്ട്
   - കണ്ടുണ്ണിയുടെ പിതാവാണെന്നറിഞ്ഞിട്ട്
   - വെള്ളായിയപ്പൻ നിരക്ഷരനായതുകൊണ്ട്
   - വെള്ളായിയപ്പൻ ഗ്രാമീണനായതുകൊണ്ട്
3. "തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ
   ചെറുപാമ്പ് ചന്ദനമരത്തിനെന്നപോലെ" - ഇവിടെ ചെറുപാമ്പ് എന്ന് വിശേഷിപ്പിച്ചതാരെ?
   - ദുഷ്ഷന്തനെ
   - ശകുന്തളയെ
   - താതകാശ്യപനെ
   - സർവദമനനെ
4. ചക്രവർത്തിയുടെ ജന്മമാണ് അവർക്ക്. ആരുടെ മുന്നിലും <u>തല കുനിക്കില്ല</u> .
   - അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥമെന്ത് ?
5. ദുര്യോധനൻ തന്റെ വൃദ്ധരായ മാതാപിതാക്കളേയും ആരോമലായ ഭാര്യയേയും ഓർക്കുന്നതിനും മുമ്പേ ആരെച്ചൊല്ലിയാണ് വ്യസനിച്ചത് ?
6. "മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി". പുഷ്കരന് പെട്ടെന്ന് സന്തോഷം തോന്നാനുള്ള കാരണമെന്ത്?

**പാർട്ട് I ( ബി )**

**7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക (1 സ്കോർ വീതം)**

7. "വിശ്വസംസ്കാരവേദിയിൽ പുത്തനാം അശ്വമേധം നടത്തുകയാണ ഞാൻ" (അശ്വമേധം) - ഇവിടെ അശ്വം എന്തിന്റെ പ്രതീകമാണ്?
   - രാജ്യാധികാരത്തിന്റെ

- ദൈവികശക്തിയുടെ
- സർഗ്ഗശക്തിയുടെ
- പൗരോഹിത്യത്തിന്റെ

8. ഉജ്ജ്വലമുഹൂർത്തം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?
   - ഉജ്ജ്വലമായ മുഹൂർത്തം.
   - ഉജ്ജ്വലം പോലെയുള്ള മുഹൂർത്തം.
   - ഉജ്ജ്വലവും മുഹൂർത്തവും.
   - ഉജ്ജ്വലത്തിലുള്ള മുഹൂർത്തം.
9. "ദിവസം മുഴുവനും അലഞ്ഞു നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങൾ മനുഷ്യർക്ക്?" ലിംബാളെ സൂചിപ്പിക്കുന്ന സാമൂഹികപ്രശ്നമെന്ത്?
   - ദരിദ്രരോടുള്ള ക്രൂരമായ അവഗണന.
   - ചപ്പുചവറുകൾ വലിച്ചെറിയുന്ന മനോഭാവം.
   - ചവറിന് തൂക്കം കുറവാണ്.
   - ചപ്പുചവറുകൾക്ക് നല്ല വിലകിട്ടുന്നില്ല.

**പാർട്ട് II(എ)**

**ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിലുത്തരമെഴുതുക (2 സ്കോർ)**

**10.** ഈ ജയം ജയമല്ല, മറിച്ച്, പരാജയം തന്നെയാണ്.(യുദ്ധത്തിന്റെ പരിണാമം).-യുധിഷ്ഠിരൻ  ഇങ്ങനെ സങ്കടപ്പെടാൻ കാരണമെന്ത്? വ്യക്തമാക്കുക

**പാർട്ട് II(ബി )**

**11, 12 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിലുത്തരമെഴുതുക (2 സ്കോർ വീതം)**

11. "ആകാശത്തിന്റെ നിഴൽ പോലെ ഭൂമിയിൽ വെളിച്ചമുണ്ട്". (ആത്മാവിന്റെ വെളിപാടുകൾ)
    ഈ വാക്യത്തിന്റെ  പ്രയോഗഭംഗി വ്യക്തമാക്കുക?
12. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റിയെഴുതുക.
    ഏതായാലും നാളെ ഞാൻ അവിടെ പോയ് വരും. ഖനിയിലെ അപകടം നിറഞ്ഞ പണിയേക്കാൾ ഉരുളക്കിഴങ്ങ് കൃഷി തന്നെയാണ് നല്ലതെന്ന് ഞാനയാളെ പറഞ്ഞ് മനസ്സിലാക്കും.

**പാർട്ട് III(എ )**

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിലുത്തരമെഴുതുക (സ്കോർ 3 വീതം)**

13. “വഴിയരികിൽ വലിച്ചെറിയപ്പെട്ട പാറക്കഷണം പോലെയല്ലേ ഇപ്പോൾ എന്റെ അവസ്ഥ?”
    -ദസ്തയേവ്സ്കിയുടെ വാക്കുകളിൽ തെളിയുന്ന ജീവിതാവസ്ഥ കണ്ടെത്തി എഴുതുക?
14. 'നാട്ടിൻപുറം നന്മകളാൽ സമൃദ്ധം'. ഈ വരികളുടെ ആശയവുമായി ബന്ധപ്പെട്ട് കടൽത്തീരത്ത് എന്ന കഥയിലെ ഗ്രാമജീവിതത്തെ വിലയിരുത്തുക?
15. "പണ്ടുനിന്നെയൊരിളംകുരുന്നതായ്

കണ്ടു ഞാൻ, സപദി വല്ലിയായി നീ" - ഇളംകുരുന്ന്, വല്ലി എന്നീ പ്രയോഗങ്ങൾ സന്ദർഭത്തിന് നൽകുന്ന സവിശേഷ അർത്ഥം കണ്ടെത്തി എഴുതുക?

16. "ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റം." - പുഷ്കരൻ ഇങ്ങിനെ സങ്കടപ്പെടാനുള്ള കാരണം വ്യക്തമാക്കുക .

**പാർട്ട് III(ബി )**

**ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിലുത്തരമെഴുതുക (സ്കോർ 3)**

17. എഴുത്തുകൾകൊണ്ട് മറ്റുള്ളവരുടെ മനസ്സിളക്കാൻ കഴിയും എന്നതിനുദാഹരണമായി ഞാൻ കഥാകാരനായ കഥയിൽ എസ് കെ പൊറ്റെക്കാട് അവതരിപ്പിക്കുന്ന അനുഭവം എഴുതുക.

**പാർട്ട് IV(എ )**

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 4 സ്കോർ വീതം**

18. 'മാഡം തലത്തിന്റെ ജീവിതകാഴ്ചപ്പാടിൽ വന്ന മാറ്റമാണ് വിശ്വരൂപം എന്ന കഥയുടെ പ്രമേയം'. ഈ നിരീക്ഷണത്തോട് പ്രതികരിച്ച് കുറിപ്പ് തയാറാക്കുക ?

19. "ധീരനായ യതി നോക്കി തമ്പി തൻ
ഭൂരിബാഷ്പ പരിപാടലം മുഖം
പൂരിതാഭയോടുഷസ്സിൽ മഞ്ഞു തൻ
ധാരയാർന്ന പനിനീർസുമോപമം"
വരികളിലെ കാവ്യഭംഗി കണ്ടെത്തി വിശദീകരിക്കുക.

20. "ഇത് വൈഷമ്യക്കാരനാണ്.' ശകുന്തളയുടെ ഈ വാക്കുകളിൽ തെളിയുന്ന അനുഭവം എന്താണെന്ന് വിവരിക്കുക.

**പാർട്ട് IV(ബി)**

**21,22 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം )**

21. "എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ
കുത്തി നിർത്തിയലമുത്തണിക്കുണുകൾ,
അക്കളമ്പടിയേറ്റേറ്റു വീണുപോയ്
അത്രയേറെ ഭരണകൂടങ്ങളും!" ( അശ്വമേധം )
മനുഷ്യന്റെ സർഗ്ഗശക്തിയുടെ അജയ്യതയിലുള്ള വിശ്വാസം തന്നിരിക്കുന്ന വരികളും കവിതയുടെ ആശയവും വിലയിരുത്തി കുറിപ്പ് തയാറാക്കുക?

22. "സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?"
"എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചു കഴിഞ്ഞു."
"ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്"
തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ദസ്തയേവ്സ്കിയുടെ ജീവിതകാഴ്ചപ്പാട് വ്യക്തമാക്കുക?

### പാർട്ട് V

**23, 24 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക 5 സ്കോർ (ഒരു പുറം)**

23. "ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചത് ശരിയായിട്ടല്ല. അത് പാവങ്ങളുടേതാണ്".
"ഒരു കഷണം അപ്പം പാലിൽ എടുത്തുമുക്കുന്നതിന് ഒരാൾക്കു മരംകൊണ്ടുള്ള മുള്ളും കയിലുംകൂടി ആവശ്യമില്ല".
"ഇനി നിങ്ങൾ ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾ തോട്ടത്തിലൂടെ പോരണമെന്നില്ല തെരുവിലേക്കുള്ള വാതിലിലൂടെ എപ്പോഴും വരുകയും പോവുകയും ചെയ്യാം"
തന്നിരിക്കുന്ന സൂചനകൾ ഉപയോഗപ്പെടുത്തി മെത്രാൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

24. "ഭാരതം നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു." (യുദ്ധത്തിന്റെ പരിണാമം) കുട്ടികൃഷ്ണമാരാരുടെ ഈ നിരീക്ഷണവും ചരിത്രത്തിലെ യുദ്ധദുരന്തങ്ങളും വിശകലനം ചെയ്ത് യുദ്ധം മാനവരാശിക്ക് ആപത്ത് എന്ന വിഷയത്തിൽ ഒരു ലഘുപന്യാസം തയാറാക്കുക.